1984
4/9/18

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക-കാര്യ വകുപ്പ് - സാംസ്കാരിക കാര്യ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അക്കാദമികളായ കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള ഫോക് ലോർ അക്കാദമി എന്നീ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെ ശമ്പളം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(കൈ) നം./32/2018/സാം.കാ.വ    തീയതി, തിരുവനന്തപുരം, 26.07.2018.

പരാമർശം: -

1) കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ 15/09/2017-ലെ 1017/ബി/2016/കെ.എസ്.എൻ.എ നമ്പർ കത്ത്
2) കേരള ഫോക് ലോർ അക്കാദമി സെക്രട്ടറിയുടെ 21/10/2017-ലെ 3216/2017/കെ.എഫ്.എൽ.എ നമ്പർ കത്ത്
3) കേരള ലളിതകലാ അക്കാദമി സെക്രട്ടറിയുടെ 20/10/2017, 27/10/2017 എന്നീ തീയതികളിലെ കെ.എൽ.കെ.സി.1297/2016 നമ്പർ കത്തുകൾ
4) കേരള സാഹിത്യ അക്കാദമി സെക്രട്ടറിയുടെ 26/10/2017-ലെ 597/2017-18/ കെ.എസ്.എ/എം നമ്പർ കത്ത്

**ഉത്തരവ്**

സാംസ്കാരിക-കാര്യ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന അക്കാദമികളായ കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള ഫോക് ലോർ അക്കാദമി എന്നീ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെ ശമ്പളം പുനർനിർണ്ണയിച്ച് നൽകണമെന്ന് പരാമർശ കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. സാംസ്കാരിക കാര്യ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി, കേരള ഫോക് ലോർ അക്കാദമി എന്നീ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെ പ്രതിമാസ സഞ്ചിത വേതനം **50,000/-രൂപയായി (അൻപതിനായിരം രൂപ മാത്രം)** നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. വർദ്ധിപ്പിച്ച വേതനത്തിന് **01.04.2018 മുതൽ** പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**റാണി ജോർജ്ജ്**
**സെക്രട്ടറി**

സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
സെക്രട്ടറി, കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ
സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ

സെക്രട്ടറി, കേരള ഫോക് ലോർ അക്കാദമി, കണ്ണൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തൈക്കാട്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),.കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്
ധനകാര്യ വകുപ്പ്
പൊതുഭരണ (എസ് സി ) വകുപ്പ് -ഇനം നമ്പർ -2323
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 25-07-2018

ഫയൽ നം.എ1/312/2016/സാം.കാ.വ. ഇനം നം: 2323

വിഷയം : സാംസ്കാരിക കാര്യ വകുപ്പ് - സാംസ്കാരിക സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെ ശമ്പളം നിശ്ചയിക്കുന്നത്.

തീരുമാനം : പ്രതിമാസ സഞ്ചിത വേതനം 01.04.2018 മുതൽ 50,000/- രൂപയായി നിശ്ചയിക്കാം എന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

മുൻ ഖണ്ഡികയിലെ ഉത്തരവ് പ്രകാരം
കരട് സ.ഉ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

26/7/18

23

2323

കേരള സർക്കാർ
(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)
(മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)

| | | |
|---|---|---|
| 1) | ഫയൽ നമ്പർ | : എ 1/312/2016/സാ.കാ.വ |
| 2) | വകുപ്പ് | : സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) | വിഷയം | :സാംസ്കാരിക സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെ ശമ്പളം നിശ്ചയിക്കുന്നത് സംബന്ധിച്ച് |
| 4) | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 10/06/2018 |
| | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | : അതെ |
| | (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി.ഗീത കെ. |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ശ്രീമതി.റാണി ജോർജ്ജ് |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 28/06/2018 |
| 10) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. പോൾ ആന്റണി |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 29/06/2018 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ എ.കെ.ബാലൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 3/07/2018 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 16/07/2018 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സാംസ്കാരിക-കാര്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മുൻനിര അക്കാദമികളായ കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള ഫോക് ലോർ അക്കാദമി, എന്നീ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെ ശമ്പളം നിശ്ചയിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള ഫോക് ലോർ അക്കാദമി, എന്നീ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ തങ്ങളുടെ പ്രവർത്തന മണ്ഡലം, ജോലിഭാരം, ഉത്തരവാദിത്തം എന്നിവ കണക്കിലെടുത്ത് സഞ്ചിത വേതനം 77,400/- രൂപ നിശ്ചയിക്കുന്നതിന് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

3. ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

**"സാംസ്കാരിക സ്ഥാപനങ്ങളിലെ സെക്രട്ടറിമാരിൽ നിലവിൽ 25,000/- രൂപ വാങ്ങി വരുന്നവരുടെ മാസ വേതനം 50,000/- രൂപയായി (അൻപതിനായിരം രൂപ മാത്രം) [സഞ്ചിത വേതനമായി - ഏകീകരിച്ച്] വർദ്ധിപ്പിച്ച് നൽകുന്നതിന് ധനവകുപ്പ് അംഗീകാരം നല്കുന്നു. വർദ്ധിപ്പിച്ച വേതനത്തിന് 01.04.2018 മുതലാണ് പ്രാബല്യം എന്നും അറിയിക്കുന്നു.**

**ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്."**

4. ധനകാര്യ വകുപ്പിന്റെ മേൽ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ഫയൽ ചംക്രമണം ചെയ്തപ്പോൾ ബഹു. സാംസ്കാരിക-കാര്യ വകുപ്പ് മന്ത്രി താഴെ പറയുന്ന നിർദ്ദേശം നൽകുകയുണ്ടായി .

**"കേരള സാഹിത്യ അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ഫോക് ലോർ അക്കാദമി, എന്നീ സ്ഥാപനങ്ങളിൽ സെക്രട്ടറിമാർക്ക് ഏകീകൃതമായ നിരക്കിൽ വേതനം നിശ്ചയിക്കാവുന്നതാണ്. ഈ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടെ പ്രവർത്തന മണ്ഡലം,ജോലിഭാരം,ഉത്തരവാദിത്തം എന്നിവ കണക്കിലെടുത്തു ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലല്ലാതെ നിയമിക്കുന്നവരുടെ വേതനം ഡെപ്യൂട്ടി സെക്രട്ടറിയുടെ ശമ്പള സ്കെയിലിന്റെ മിനിമം തുക സഞ്ചിത വേതനമായി**

നിശ്ചയിക്കുന്നത് ഉചിതമായിരിക്കും .ആയതിനാൽ ധനകാര്യ വകുപ്പിന്റെ മുൻ നിലപാട് പുനഃപരിശോധന നടത്താൻ താൽപര്യപ്പെടുന്നു .ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി കാണുക"

5. ബഹു സാംസ്കാരിക വകുപ്പ് മന്ത്രിയുടെ മേൽ നിർദ്ദേശം പ്രകാരം തീരുമാനം പുന:പരിശോധിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

"Finance reiterates its earlier stand [FD's remarks dated 16/3/18 in AD file No A1/312/2016/CLAD]

This has the approval of Hon'ble Minister for Finance."

6. കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള ഫോക് ലോർ അക്കാദമി സെക്രട്ടറിമാരുടെ പ്രവർത്തന മേഖല, ജോലിഭാരം, ഉത്തരവാദിത്വം എന്നിവ കണക്കിലെടുത്ത് ടി നാല് സെക്രട്ടറിമാർക്കും ഏകീകൃതമായി 77,400/- രൂപ സഞ്ചിത വേതനമായി നിശ്ചയിക്കുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവ് നൽകിയിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള ഫോക് ലോർ അക്കാദമി, എന്നീ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെ പ്രതിമാസ സഞ്ചിത വേതനം 01.04.2018 മുതൽ 77,400/- രൂപയായി നിശ്ചയിക്കാമോ?